**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 204

04.10.2016- ൽ മറുപടിക്ക്

## കൺസ്യൂമർഫെഡിൽ സഹകരണ സംഘം വിജിലൻസ് അന്വേഷണം

**ചോദ്യം**

ശ്രീ.ജോർജ്ജ് എം.തോമസ്
,, ബി.ഡി.ദേവസ്സി
,, കെ.ആൻസലൻ
,, പി.വി.അൻവർ

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൺസ്യൂമർഫെഡിൽ മുൻ ഭരണസമിതിയുടെ കാലത്ത് ക്രമക്കേട് നടന്നുവെന്ന് കണ്ടെത്തിയതിനെ തുടർന്ന് സഹകരണ സംഘം വിജിലൻസ്, ഇൻസ്പെക്ഷൻ സെൽ രജിസ്ട്രാർമാർ എന്നിവർ ചേർന്നു നടത്തിയ അന്വേഷണ റിപ്പോർട്ടിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ താഴെപറയുന്നവയാണ്:<br>സബ്സിഡി ഇനത്തിൽ നിത്യോപയോഗ സാധനങ്ങൾ വിറ്റ വകയിൽ ഫെഡറേഷനു നഷ്ടം സംഭവിച്ചിട്ടുണ്ട്. ഫെഡറേഷന്റെ ആരംഭിച്ച നന്മ സ്റ്റോറുകളുടെ വിൽപ്പന വിവരങ്ങൾ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ഫെഡറേഷന്റെ ഹെഡാഫീസിൽ ലഭ്യമല്ലാത്തതിനാൽ വിൽപ്പന കണക്കുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. നന്മ പദ്ധതിയുടെ വിൽപ്പനനഷ്ടം ഫെഡറേഷൻ വിലയിരുത്തിയിട്ടില്ല. ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 3778 ജീവനക്കാർ 180 ദിവസത്തിൽ അധികരിച്ചാണ് ജോലി ചെയ്തു വരുന്നത്. കൺസ്യൂമർഫെഡ് ആരംഭിച്ച 7 ഫ്ലോട്ടിംഗ് ത്രിവേണികളിൽ 5 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ആകെയുള്ള 142 മൊബൈൽ ത്രിവേണി സ്റ്റോറുകളിൽ 83 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ഈ ഇനത്തിൽ ഏകദേശം 7.67 കോടി രൂപ ഫെഡറേഷന് നഷ്ടം സംഭവിച്ചിട്ടുണ്ട്. കൺസ്ട്രക്ഷൻ, പുനർ നിർമ്മാണം, മോഡണൈസേഷൻ, മോഡിഫിക്കേഷൻ എന്നിവ സംബന്ധിച്ച് പരിശോധന |

| | | | |
|---|---|---|---|
| | | | നടത്തിയതിൽ, പത്ര പരസ്യം നൽകാതെയും, ക്വട്ടേഷനുകൾ ഉത്തരവാദിത്തപ്പെട്ടവർ ഒപ്പ് വക്കാതെയും, പണികൾ പൂർത്തിയാക്കിയതിനു ശേഷമാണ് ചാർട്ടേർഡ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് പ്രകാരം തുക നൽകി വരുന്നതെന്നും കണ്ടെത്തിയിട്ടുണ്ട്. യാതൊരു ആസൂത്രണവും, വിലയിരുത്തലും, ലാഭക്ഷമത വിലയിരുത്താതെയുമുള്ള സംരംഭങ്ങൾ ആരംഭിച്ചു. മദ്യവിൽപ്പന വർദ്ധിച്ചിട്ടും ഇൻസെന്റീവ് കുറഞ്ഞുവന്നതിൽ ഉള്ള അപാകതകൾ. |
| (ബി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിൽ, കേരള സംസ്ഥാന സഹകരണ കൺസ്യൂമർഫെഡറേഷനിൽ കണ്ടെത്തിയ ന്യൂനതകൾ ഗുരുതരസ്വഭാവമുള്ളതാകയാലും, ഹെഡ് ആഫീസിലും, റീജിയണൽ ആഫീസുകളിലും, ഡിപ്പോകളിലും, ഫെഡറേഷന്റെ എല്ലാ യൂണിറ്റുകളിലും വിശദമായ അന്വേഷണം നടത്തേണ്ടത് ആവശ്യമാണെന്ന് സഹകരണ സംഘം രജിസ്ട്രാർക്ക് ഉത്തമ ബോദ്ധ്യം വന്നതിന്റെയും അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡറേഷനിലെ ഗുരുതരമായ ക്രമക്കേടുകൾ, ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവ ഉൾപ്പെട്ട 28 വിഷയങ്ങളെപ്പറ്റി, കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് ഉത്തരവാകുകയും, അന്വേഷണം നടന്നു വരികയുമാണ്. |
| (സി) | ജില്ലകളിലും യൂണിറ്റുകളിലും വിശദ പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തിയ കാര്യങ്ങൾ വിശദമാക്കാമോ? | (സി) | ജില്ലകളിലും, യൂണിറ്റുകളിലും വിശദമായ പരിശോധന നടത്തിയിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പണാപഹരണം നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.<br>തിരുവനന്തപുരം ജില്ലയിലെ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന നീതി വിതരണ കേന്ദ്രത്തിൽ അനുമതി ഇല്ലാതെയും, ക്രമവിരുദ്ധമായും ഗോഡൗൺ പണിത വകയിലും, ആലപ്പുഴ ജില്ലയിൽ, ആലപ്പുഴ ത്രിവേണി ടവറിൽ ലിഫ്റ്റ് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിന് അനധികൃതമായി അഡ്വാൻസ് നൽകിയ വകയിലും, ആലപ്പുഴ മണ്ണഞ്ചേരി നീതി വിതരണ കേന്ദ്രത്തിലെ ക്യാഷ് ബാങ്കിൽ വരവ് വെയ്ക്കാതെ അക്കൗണ്ടിൽ തിരിമറി നടത്തിയ ഇനത്തിലും, കോട്ടയം ജില്ലയിൽ, നീതി വിതരണ കേന്ദ്രത്തിൽ ലോറി വാടക ഇനത്തിൽ പണാപഹരണം നടത്തിയും, എറണാകുളം ജില്ലയിൽ നീതി ഗോഡൗണിൽ നിന്നും അരികയറ്റി അയച്ചതിൽ തിരിമറി നടത്തിയും, തൃശ്ശൂർ കൺസ്യൂമർഫെഡിൽ നിന്നും വ്യാജ രസീത് എഴുതിയും പണാപഹരണം നടത്തിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |

Renjini

സെക്ഷൻ ഓഫീസർ